**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 556** **08-10-2024 - ൽ മറുപടിയ്ക്ക്**

**ട്രഷറി നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണയാണ് ട്രഷറികളിൽ നിയന്ത്രണം ഏർപ്പെടുത്തിയതെന്നും അതിനിടയാക്കിയ സാഹചര്യം എന്താണെന്നും വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി നികുതി വിഹിതത്തിലും വായ്പ അടക്കമുള്ള സർക്കാർ വരവിലും ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. മുൻകാലങ്ങളിലും ഇത് സർക്കാർ സ്വീകരിക്കുന്ന നടപടിക്രമമാണ്. അത്തരം നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. കൂടാതെ, 5 ലക്ഷത്തിനു മുകളിലുള്ള വിതരണക്കാർ/ കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സാമ്പത്തിക വർഷം അവസാനിക്കുന്ന കാലയളവിൽ ഇത്തരത്തിലുള്ള നിയന്ത്രണങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സർക്കാർ മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് വെയ്സ് ആന്റ് മീൻസ് നടപടികളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (സി) | ട്രഷറി നിയന്ത്രണം നടപ്പിലാക്കിയതിലൂടെ സംസ്ഥാന സർക്കാരിനുണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | നിലവിലെ സാമ്പത്തിക ഞെരുക്കത്തിനിടയിലും വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്തുവാൻ സാധിച്ചത് ഇത്തരം നടപടികളുടെകൂടെ ഫലപ്രാപ്തി കാരണമാണ്. |

സെക്ഷൻ ഓഫീസർ